# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2063 17.12.2012 -ൽ മറുപടിയ്ക്ക്**

**<u>പോലീസ് കംപ്ലയിന്റ് അതോറിറ്റി</u>**

| ചോദ്യം | മറുപടി |
|---|---|
| ഡോ. ടി. എം. തോമസ് ഐസക് | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ കടുത്ത മനുഷ്യാവകാശ ലംഘനങ്ങൾ നടക്കുന്നതായുള്ള പോലീസ് കംപ്ലയിന്റ് അതോറിറ്റി ചെയർമാന്റെ അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) അപ്രകാരം അഭിപ്രായപ്പെട്ടതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |
| ബി) എങ്കിൽ കുറ്റക്കാരെ കണ്ടെത്തി ശിക്ഷിക്കുന്നതിനും ഭാവിയിൽ ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ; | (ബി) പോലീസ് സ്റ്റേഷനുകളിൽ മനുഷ്യാവകാശ ലംഘനം നടക്കുന്നതായുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ വിശദമായ അന്വേഷണം നടത്തി നിയമനടപടികൾ സ്വീകരിച്ചുവരുന്നു. |
| സി) പോലീസിനെതിരെ അതോറിറ്റിയ്ക്ക് ലഭിക്കുന്ന പരാതികളിൽ അന്വേഷണം നടത്തേണ്ടതും കോടതിയിൽ പ്രോസിക്യൂഷൻ വാദം നടത്തേണ്ടതും പോലീസ് തന്നെയാണെന്നതിനാൽ അതോറിറ്റിയ്ക്ക് നടപടികൾ ശുപാർശ ചെയ്യാൻ മാത്രമേ സാധിക്കൂ എന്നത് ഈ സംവിധാനത്തിന്റെ പോരായ്മയാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കാമോ ; | (സി) പോലീസ് കംപ്ലയിന്റ്സ് അതോറിറ്റിക്ക് ലഭിക്കുന്ന പരാതികൾ അതോറിറ്റി നേരിട്ടാണ് അന്വേഷിക്കുന്നത്. ഒരു പരാതി സംബന്ധിച്ച് അന്വേഷണം നടത്തുമ്പോൾ ഒരു വ്യവഹാരം വിചാരണ ചെയ്യുമ്പോൾ ഒരു സിവിൽ കോടതിക്കുള്ള അധികാരങ്ങൾ പോലീസ് കംപ്ലയിന്റ്സ് അതോറിറ്റികൾക്ക് ഉണ്ട്. വകുപ്പുതല അന്വേഷണം നടത്തുക, ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുക എന്നീ കാര്യങ്ങൾ സംബന്ധിച്ച് ഒരു പോലീസ് ഉദ്യോഗസ്ഥ നെതിരെ അതോറിറ്റി നൽകുന്ന ശുപാർശകൾ നടപ്പിലാക്കാൻ ബന്ധപ്പെട്ടവർ നിയമപരമായി ബാദ്ധ്യസ്ഥരാണ്. |
| ഡി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ഡി) ബാധകമല്ല |

സെക്ഷൻ ഓഫീസർ